**തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) - തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ യൂനസ് ഇബ്രാഹിം, തസ്നി മൻസിൽ, വെസ്റ്റ് യാക്കര, പാലക്കാട് എന്നയാൾ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 13/05/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 14/05/2024</u>**

ശ്രീ യൂനസ് ഇബ്രാഹിം, തസ്നി മൻസിൽ, വെസ്റ്റ് യാക്കര, പാലക്കാട് എന്നയാൾ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ പരിഗണനക്കായി അയച്ചു നൽകിയിരുന്നു. ടിയാൻ നിർമിച്ച വാസഗൃഹത്തിനു പാലക്കാട് മുൻസിപ്പാലിറ്റിയിൽ നൽകിയ ക്രമവൽകരണ അപേക്ഷ, ജില്ലാ ടൗൺ പ്ലാനർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നിരസിച്ചുവെന്നും, ശരിയായ കെട്ടിടനമ്പർ അനുവദിച്ചു നൽകണമെന്നുമാണ് പരാതി. പരാതിക്കാരനെ നേരിൽ കേട്ടു. പാലക്കാട് മുൻസിപ്പാലിറ്റിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി. വിഷയം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. ജില്ലാ ടൗൺ പ്ലാനറുടെ റിപ്പോർട്ടിൽ, കെട്ടിടത്തിന്റെ കവറേജ് 50% ൽ അധികരിക്കുന്നതിനാൽ (56.04%) നിലവിലെ മാസ്റ്റർ പ്ലാൻ പ്രകാരം കൺകറൻസ് നൽകാൻ കഴിയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും, അല്ലാത്ത പക്ഷം സർക്കാരിൽ നിന്നും പാലക്കാട് മുൻസിപ്പാലിറ്റിയുടെ പുതിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ച് ലഭിക്കുന്ന മുറക്ക് അപേക്ഷകൻ പുതിയ അപേക്ഷ നൽകേണ്ടതും അത് നിയമാനുസൃതം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

ഒപ്പ്

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ

പകർപ്പ്: ശ്രീ യൂനസ് ഇബ്രാഹിം, തസ്നി മൻസിൽ, വെസ്റ്റ് യാക്കര, പാലക്കാട്